പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2396 **18.07.2011 ലെ മറുപടിക്ക്**

മരണപ്പെട്ട നിർദ്ധനരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടി

ചോദ്യം	മറുപടി
ശ്രീമതി. പി. അയിഷാ പോറ്റി	ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)
എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുകയും തുടർന്ന് മരണപ്പെട്ടു പോയിട്ടുള്ളതുമായ നിർദ്ധനരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിനോ ഇളവു വരുത്തുന്നതിനോ നിലവിൽ പദ്ധതികൾ ഉണ്ടോ ;	എ) "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008" 01.04.2008 മുതൽ നിലവിലുണ്ട്.
ബി) പ്രസ്തുത പദ്ധതി പ്രകാരം കടബാദ്ധ്യത നേരിടുന്നവരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?	ബി) പ്രസ്തുത പദ്ധതി പ്രകാരം വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയ്ക്കുള്ളിൽ മരണപ്പെട്ടാൽ വായ്പക്കാരൻ മരണപ്പെടുന്ന ദിവസം വായ്പാ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള വായ്പാ മുതൽതുകയും, മരണപ്പെടുന്ന തീയതി മുതലുള്ള ടി തുകയുടെ പലിശയും ടിയാന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Rajendran

സെക്ഷൻ ഓഫീസർ